"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - നെടുമ്പന ഗ്രാമപഞ്ചായത്തിൽ സ്ഥലം വാങ്ങി അറവു ശാലയും മാലിന്യ സംസ്കരണ പ്ലാന്റും നിർമ്മിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്

G.O.(Rt)No.978/2021/LSGD തീയതി,തിരുവനന്തപുരം, 08/05/2021

പരാമർശം:- 1. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 21/10/2020-ലെ 4.7 നമ്പർ യോഗ തീരുമാനം.

2 നെടുമ്പന ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 07/01/2021-ലെ A4-1/2020 നമ്പർ കത്ത്.

3. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 10/02/2021-ലെ 4.50 നമ്പർ യോഗ തീരുമാനം.

ഉത്തരവ്

നെടുമ്പന ഗ്രാമപഞ്ചായത്തിൽ അറവുശാലയ്ക്ക് ഭൂമി വാങ്ങുന്നതിന് ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied fund) വിഹിതം കൂടി വകയിരുത്തി പ്രോജക്ട് തയ്യാറാക്കിയിരുന്നു. സ്ഥലം വാങ്ങുന്നതിന് മാത്രമായി CFC Tied Fund ഉപയോഗിക്കാവുന്നതല്ല എന്ന കാരണത്താൽ പരാമർശം (1) പ്രകാരം വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി അനുമതി നിരസിച്ചിരുന്നു. നെടുമ്പന ഗ്രാമപഞ്ചായത്തിൽ സ്ഥലം വാങ്ങി അവിടെ അറവുശാലയും മാലിന്യ സംസ്കരണ പ്ലാന്റും സ്ഥാപിക്കാനാണ് പ്രോജക്ട് തയ്യാറാക്കിയിരിക്കുന്നതെന്നും സ്ഥലം വാങ്ങുന്നത് മാലിന്യ സംസ്കരണ പ്ലാന്റിന് വേണ്ടിയാണെന്നതിനാൽ അനുമതി നൽകണമെന്നും പരാമർശം (2) പ്രകാരം നെടുമ്പന ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ആവശ്യപ്പെട്ടിരുന്നു.

2. സർക്കാർ ഇക്കാര്യം വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയിൽ പരിശോധിക്കുകയും മേൽ കമ്മിറ്റിയുടെ പരാമർശം (3) തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സ്ഥലം മാലിന്യ സംസ്കരണ പ്ലാന്റിനു ഉപയോഗിക്കുന്നുവെന്ന് ഉറപ്പു വരുത്തണമെന്നും പ്ലാന്റ് സ്ഥാപിക്കുന്നതിന് മതിയായ ബാക്കി തുക 2021-22 വർഷം ഉൾപ്പെടുത്തേണ്ടതാണെന്നു നിഷ്കർഷിച്ചുകൊണ്ടും നെടുമ്പന ഗ്രാമപഞ്ചായത്തിൽ സ്ഥലം വാങ്ങി അറവു ശാലയും മാലിന്യ സംസ്കരണ പ്ലാന്റും നിർമ്മിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
C S SREEKALA
JOINT SECRETARY

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

സെക്രട്ടറി, നെടുമ്പന ഗ്രാമപഞ്ചായത്ത്, കൊല്ലം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ. തിരുവനന്തപുരം.

കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by REENAMMA P A
Date: 2021.05.17 14:18:30 IST
Reason: Approved
സെക്ഷൻ ഓഫീസർ